**പതിനാലാം കേരളനിയമസഭ**
**ഒമ്പതാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 179** | **23.01.2018-ൽ മറുപടിക്ക്** |

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജോർജ് എം. തോമസ്<br>പ്രൊഫ. കെ.യു. അരുണൻ<br>ശ്രീ. എം. മുകേഷ്<br>ശ്രീ. കെ.ജെ. മാക്സി | | പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പാക്കി വരുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ഏകീകൃത സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | സർക്കാർ ഉത്തരവ് (സാ) നം.1999/2010/ആഭ്യന്തരം, തീയതി: 11.06.2010 പ്രകാരം പോലീസ് ഡയറക്ടർ ജനറൽ ചെയർമാനും പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി കൺവീനറുമായി സംസ്ഥാനതല ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവ് നം.3284/11/ പൊ.വി.വ, തീയതി:12.08.2011 പ്രകാരമുള്ള ഉത്തരവിൽ എസ്.പി.സി. പദ്ധതി പ്രവർത്തനങ്ങളിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, അസ്സി. ഡയറക്ടർ, ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്/പ്രിൻസിപ്പാൾ എന്നിവരുടെ ചുമതല രേഖപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | 100 സർക്കാർ സ്കൂളുകളിൽ കൂടി പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ